# കേരള സർവകലാശാല

നം.പി.ആർ.233/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബോർഡ് ഓഫ് സ്റ്റഡീസ് & ഫാക്കൽറ്റി മീറ്റിംഗ് മാറ്റി വച്ചു

കേരള സർവകലാശാല നാളെ നടത്താനിരുന്ന കംബൈയിൻഡ് ബോർഡ് ഓഫ് സ്റ്റഡീസ് & ഫാക്കൽറ്റി മീറ്റിംഗ് സാങ്കേതിക കാരണങ്ങളാൽ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

### പരീക്ഷാഫലം

കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലെ ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക് ഡിഗ്രി മേയ് 2018 (റഗുലർ – 2017 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2016 അഡ്മിഷൻ) 2013 സ്കീം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി നവംബർ 14. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ.

### ടൈംടേബിൾ

2018 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി പോളിമർ കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും ഒക്ടോബർ 30 മുതൽ നവംബർ 15 വരെ (9.30 AM മുതൽ 3.30 PM വരെ)അതത് കോളേജിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ നവംബർ 5 മുതൽ നടക്കുന്നതാണ്. വിശദവിവരങ്ങൾ അതതു കോളേജിലും വെബ്സൈറ്റിലും ലഭ്യമാണ്.

2018 നവംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 നവംബർ 12 മുതൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ എം.സി.എ (2011 സ്കീം) (2013, 2014 അഡ്മിഷൻ മാത്രം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 നവംബർ 19 മുതൽ ആരംഭിക്കുന്ന ഒന്ന്, മൂന്ന്, നാല്, അഞ്ച് സെമസ്റ്റർ എം.സി.എ (2006 സ്കീം) മേഴ്സിചാൻസ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

## വൈവ വോസി

2018 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ സംസ്കൃതം സ്പെഷ്യൽ പരീക്ഷയുടെ വൈവ വോസി നവംബർ 1 മുതൽ 2 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

2018 ഡിസംബറിൽ നടത്തുന്ന പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാ ഫോറവും, മറ്റ് വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ പരീക്ഷ

ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) ജൂലൈ/ആഗസ്റ്റ് 2018 (സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ച്, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് ഒക്ടോബർ 30, 31 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് അതതു കോളേജുകളുമായി ബന്ധപ്പെടുക.

## പുതുക്കിയ പരീക്ഷാതീയതി

വിദൂര വിദ്യാഭ്യാസ വിഭാഗം നവംബർ 15, 28 തീയതികളിൽ ആരംഭിക്കാനിരുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം റെഗുലർ പരീക്ഷകൾ യഥാക്രമം നവംബർ 22, ഡിസംബർ 5 തീയതികളിലേക്ക് മാറ്റിയിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം ക്യാമ്പസിലെ ബയോകെമിസ്ട്രി, ജനറ്റിക്സ് & ജീനോമിക്സ്, ഡെമോഗ്രഫി, ഫ്യൂച്ചർ സ്റ്റഡീസ്, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് എന്നീ പഠന വകുപ്പുകളിലെ എം.ഫിൽ പ്രോഗ്രാമുകളിലേക്ക് എസ്.സി/എസ്.ടി വിഭാഗങ്ങളിൽ സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 31 ന് 10.30 ന് അതത് പഠന വകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

യൂണിവേഴ്സിറ്റി കോളേജിലെ എം.ഫിൽ പ്രോഗ്രാമിലേക്ക് ബോട്ടണി, കെമിസ്ട്രി, മാത്തമാറ്റിക്സ് പഠനവകുപ്പുകളിൽ എസ്.സി സീറ്റും ബോട്ടണി, ഇക്കണോമിക്സ്, മലയാളം പഠനവകുപ്പുകളിൽ എസ്.ടി സീറ്റും ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി നവംബർ 1 ന് 10.30 ന് അതത് പഠന വകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

## പുതുക്കിയ പരീക്ഷാകേന്ദ്രങ്ങൾ

2018 ഒക്ടോബർ 30 മുതൽ ആരംഭിക്കുന്ന ബി.എ ആന്വൽ പാർട്ട് മൂന്ന് മെയിൻ സബ്സിഡിയറി വിഷയങ്ങളുടെ സപ്ലിമെന്ററി പരീക്ഷകൾക്ക് മാർ ഇവാനിയോസ് കോളേജ് തിരുവനന്തപുരം, എസ്.എൻ.കോളേജ് ചെമ്പഴന്തി എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എം.ജി കോളേജ് തിരുവനന്തപുരത്തും, ആൾ സെയിന്റ്സ് കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച പെൺകുട്ടികളും, എൻ.എസ്.എസ് കോളേജ് നീറമൺകര പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികളും ഗവ.വിമൻസ് കോളേജ് തിരുവനന്തപുരത്തും, ആൾ സെയിന്റ്സ് കോളേജും, ഗവ.വിമൻസ് കോളേജും പരീക്ഷാ

കേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ ഗവ.ആർട്സ് കോളേജ് തിരുവനന്തപുരത്തും, ഗവ.സംസ്കൃത കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഗവ.ആർട്സ് കോളേജ് തിരുവനന്തപുരത്തും, ഇക്ബാൽ കോളേജ് പെരിങ്ങമല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവ.കോളേജ് നെടുമങ്ങാടിലും, കെ.എൻ.എം ഗവ.കോളേജ് കാഞ്ഞിരംകുളം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ വി.ടി.എം.എൻ.എസ്.എസ് ധനുവച്ചപുരത്തും, സെന്റ് സിറിൾസ് അടൂർ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.ജി കോളേജ് കൊട്ടാരക്കരയിലും, എഫ്.എം.എൻ കോളേജ് കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവരും, എസ്.എൻ കോളേജ് ഫോർ വിമൻ കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവരും എസ്.എൻ കോളേജ് കൊല്ലത്തും, സെന്റ് ജോസഫ് കോളേജ് ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.ഡി കോളേജ് ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. മറ്റ് പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമില്ല. മാറ്റമുള്ള പരീക്ഷാകേന്ദ്രങ്ങളിൽ ഓഫ്‌ലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ പുതുക്കിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ഒക്ടോബർ 26 മുതൽ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ഒന്നാം വർഷ പി.ജി പ്രവേശനം 2018
## ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലും (ഗവ./എയ്ഡഡ്/സ്വാശ്രയ/ഐ.എച്ച്.ആർ.ഡി.) യു.ഐ.ടി.കളിലും ബിരുദാനന്തരബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ (http://admissions.keralauniversity.ac.in) അപേക്ഷയിൽ നൽകിയിട്ടുള്ള അക്കാഡമിക്ക് വിവരങ്ങളിൽ മാറ്റം (തിരുത്തൽ) വരുത്തുവാൻ അവസരം നൽകുന്നു. ഒക്ടോബർ 25 ാം തീയതി വൈകുന്നേരം അഞ്ച് മണി മുതൽ ഒക്ടോബർ 28 ാം തീയതി വരെ ഓൺലൈൻ അപേക്ഷയിലെ അക്കാഡമിക് വിവരങ്ങളിൽ മാത്രം (മാർക്കിലെ തിരുത്തലുകൾ ഉൾപ്പെടെ) മാറ്റങ്ങൾ വരുത്താം. ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിന് സർവകലാശാലയെ നേരിട്ട് സമീപിക്കേണ്ടതില്ല. സ്വന്തം നിലയ്ക്ക് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ തിരുത്തൽ വരുത്തുവാൻ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സ്വന്തം നിലയ്ക്ക് തിരുത്തലിന് അവസരം ഇല്ല. തിരുത്തലുകൾ ആവശ്യമുള്ള അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ സർവകലാശാലയുമായി ബന്ധപ്പെടേണ്ടതാണ്. മാറ്റങ്ങൾ (തിരുത്തലുകൾ) വരുത്തിക്കഴിഞ്ഞവർ ഓൺലൈൻ അപേക്ഷയുടെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും 2018 ഒക്ടോബർ 26, 27, 28 തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)

## ഐക്യരാഷ്ട്രസഭാ ദിനാചരണം 2018

ഈ വർഷത്തെ ഐക്യരാഷ്ട്രസഭാദിനാഘോഷവും, യു.എൻ ലോകബാങ്ക് പ്രസിദ്ധീകരണങ്ങളുടെ പ്രദർശനവും കേരള സർവകലാശാല രജിസ്ട്രാർ ഡോ.ആർ ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഇൻ ചാർജ് ശ്രീമതി.മായ എം.ആർ ന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ച ചടങ്ങിൽ 'ബഹുധ്രുവലോകത്തിൽ ഐക്യരാഷ്ട്രസഭയുടെ പങ്ക്' എന്ന വിഷയത്തിൽ കേരള നിയമസഭാ സ്പീക്കറുടെ പ്രസ്സ് സെക്രട്ടറിയും അദ്ധ്യാപകനുമായ ഡോ.പി.ജെ വിൻസെന്റ് മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. യോഗത്തിൽ അസിസ്റ്റന്റ് ലൈബ്രേറിയൻ ഡോ.പി.കെ സുരേഷ്കുമാർ, ശ്രീ ഹാഷിം.ഇ, ശ്രീ അബ്ദുൾ മജീദ് ഇ എന്നിവർ പ്രസംഗിച്ചു. പ്രദർശനം ഒക്ടോബർ 24 മുതൽ നവംബർ 7 വരെ നീണ്ടുനിൽക്കുന്നതാണ്. ലൈബ്രറി അംഗങ്ങളല്ലാത്തവർക്കും പ്രദർശനം കാണുവാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്.

## സംവാദം സംഘടിപ്പിച്ചു

സർവകലാശാല യൂണിയന്റെ നേതൃത്വത്തിൽ 'ലിംഗനീതി മലയിറങ്ങുമ്പോൾ' എന്ന വിഷയത്തിൽ തിരുവനന്തപുരം ലോ കോളേജിൽ സംവാദം സംഘടിപ്പിച്ചു. സർവകലാശാല യൂണിയൻ ചെയർപേഴ്സൺ ശ്യാമിലി ശശികുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ നൃപൻ ദാസ് മോഡറേറ്ററായി, സ്വാമി വിശ്വഭദ്രാനന്ദ ശക്തി ബോധി, ശ്രീ.ഷിജുഖാൻ, ശ്രീ.എ.പി പ്രജീഷ്, ശ്രീ.പി.പി രാജശേഖരൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറി ശ്രീ ശ്രീജിത്ത് ആർ.എസ് സ്വാഗതം അറിയിച്ചു.

തിരുവനന്തപുരം.
25.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**